2026
NOVEMBER
18
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



രാജ്യത്തെ ടോൾ വരുമാനത്തിൽ റെക്കോർഡ് കുതിപ്പ്

ഒക്ടോബറിൽ പിരിച്ചത് 6,640 കോടി രൂപ

ഡിജിറ്റൽ ഇടപാടുകളിൽ വൻ വർദ്ധനവ്

ന്യൂദൽഹി: രാജ്യത്തെ ദേശീയപാതകളിലും എക്സ്പ്രസ് വേകളിലുമുള്ള ടോൾ പിരിവ് ഒക്ടോബർ മാസത്തിൽ എക്കാലത്തെയും ഉയർന്ന നിരക്കായ 6,640 കോടി രൂപയിലെത്തി. മുൻവർഷം ഒക്ടോബറിൽ ലഭിച്ച 5,715 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 16 ശതമാനത്തിന്റെ വലിയ വർദ്ധനവാണ് ഇത്തവണ രേഖപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തുടനീളമുള്ള റോഡ് ശൃംഖലയിലൂടെയുള്ള വാഹനങ്ങളുടെ ഗതാഗതം ഗണ്യമായി വർദ്ധിച്ചതാണ് വരുമാനത്തിലെ ഈ ചരിത്രപരമായ കുതിപ്പിന് പ്രധാന കാരണമായതെന്ന് ബന്ധപ്പെട്ട റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ടോൾ പ്ലാസകളിലെ പണമിടപാട് രീതികളിൽ വലിയ മാറ്റങ്ങളാണ് പ്രകടമാകുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിൽ 84 കോടി രൂപയായിരുന്ന നേരിട്ടുള്ള പണമിടപാട് ഈ വർഷം വെറും 4 കോടി രൂപയായി കുത്തനെ കുറഞ്ഞു.

അതേസമയം, ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ ജനപ്രിയമാകുന്നതിന്റെ ഭാഗമായി യുപിഐ വഴിയുള്ള ടോൾ പിരിവ് ഒക്ടോബറിൽ ഏകദേശം 100 കോടി രൂപയായി ഉയർന്നു. ടോൾ ബൂത്തുകളിലെ പണമിടപാടുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിലൂടെ അഴിമതിയും ക്രമക്കേടുകളും തടയാൻ സാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തൽ. കൂടുതൽ യാത്രക്കാർ ഫാസ്ടാഗ് സംവിധാനങ്ങളിലേക്കും വാർഷിക പാസുകളിലേക്കും മാറിയതും ഇതിന് സഹായകരമായി.

2025ൽ വാർഷിക പാസുകൾ അവതരിപ്പിച്ചതിനെത്തുടർന്ന് നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറു മാസങ്ങളിൽ ആകെ ടോൾ ഇടപാടുകളുടെ എണ്ണത്തിൽ 5.2 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

മുൻവർഷം ഇതേ കാലയളവിൽ 225 കോടിയായിരുന്ന ഇടപാടുകൾ 213 കോടിയായാണ് കുറഞ്ഞത്. എങ്കിലും ആകെ വരുമാനം 6.27 ശതമാനം വർദ്ധിച്ച് 42,971.82 കോടി രൂപയിലെത്താൻ സാധിച്ചു. കഴിഞ്ഞ 2025 26 സാമ്പത്തിക വർഷത്തിൽ ആകെ 82,900.61 കോടി രൂപയായിരുന്നു രാജ്യത്തിന്റെ മൊത്തം ടോൾ വരുമാനം.

> രാജ്യത്തുടനീളമുള്ള റോഡ് ശൃംഖലയിലൂടെയുള്ള വാഹനങ്ങളുടെ ഗതാഗതം ഗണ്യമായി വർദ്ധിച്ചതാണ് വരുമാനത്തിലെ ഈ ചരിത്രപരമായ കുതിപ്പിന് പ്രധാന കാരണമായതെന്ന് ബന്ധപ്പെട്ട റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

1.11 ലക്ഷം കോടി ചെലവുള്ള ഇന്ത്യയുടെ രണ്ട് വൻ അന്തർവാഹിനി പദ്ധതികൾക്ക് അന്തിമാനുമതി ഉടൻ

ന്യൂദൽഹി: ശത്രുരാജ്യങ്ങളുടെ സാന്നിധ്യം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, രാജ്യത്തിന്റെ നാവികസേനയുടെ അടിത്തറ ശക്തമാക്കാൻ ഇന്ത്യ. 1.11 ലക്ഷം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ട് വൻ അന്തർവാഹിനി പദ്ധതികൾ അന്തിമ അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണെന്ന് പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ് അറിയിച്ചു.



ഡൽഹിയിൽ നടന്ന എ.എൻ.ഐ ദേശീയ സുരക്ഷാ ഉച്ചകോടി 3.0ൽ സംസാരിക്കവെയാണ് പദ്ധതികൾക്കായുള്ള പ്രതിരോധ വകുപ്പിലെ ആഭ്യന്തര നടപടികൾ പൂർത്തിയായ വിവരവും അന്തിമ പ്രഖ്യാപനങ്ങൾ ഉടൻ ഉണ്ടായേക്കാമെന്ന കാര്യവും അദ്ദേഹം വ്യക്തമാക്കിയത്.

പദ്ധതികളിൽ ആദ്യത്തേത് ഏകദേശം 75,000 കോടി രൂപ ചെലവിൽ ജർമ്മൻ പ്രതിരോധ കമ്പനിയായ തിസ്സൻക്രൂപ്പ് മറൈൻ സിസ്റ്റംസുമായി സഹകരിച്ച് ആറ് അത്യാധുനിക അന്തർവാഹിനികൾ ഇന്ത്യയിൽ നിർമ്മിക്കുന്നതാണ്.

തദ്ദേശീയ പൊതുമേഖലാ സ്ഥാപനമായ മാസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡുമായി ചേർന്ന് 'സ്ട്രാറ്റജിക് പാർട്ണർഷിപ്പ്' മാതൃകയിൽ നിർമ്മിക്കുന്ന ഈ അന്തർവാഹിനികൾ സാങ്കേതികവിദ്യ കൈമാറ്റത്തോടെ ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്നത് രാജ്യത്തിന്റെ ആഭ്യന്തര പ്രതിരോധ നിർമ്മാണ ശേഷിക്ക് മുതൽക്കൂട്ടാകുമെന്നാണ് വിലയിരുത്തൽ.

രണ്ടാമത്തെ പദ്ധതി ഫ്രഞ്ച് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന മൂന്ന് അധിക സ്കോർപീൻ ക്ലാസ് അന്തർവാഹിനികൾ നിർമ്മിക്കുന്നതിനുള്ള 36,000 കോടി രൂപയുടെ കരാറാണ്.

മാസഗോൺ ഡോക്കിലെ നിലവിലുള്ള നിർമ്മാണ ശൃംഖലയും മുൻ പരിചയവും പ്രയോജനപ്പെടുത്തുന്നതിലൂടെ പുതിയ നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും, നാവികസേനയുടെ പ്രവർത്തന ക്ഷമത വേഗത്തിൽ വർധിപ്പിക്കാനും സാധിക്കുമെന്ന് കരുതപ്പെടുന്നു.

ചൈനയുടെ നാവികസേനയുടെ കടന്നുകയറ്റ ശ്രമങ്ങളും പാകിസ്താൻ ചൈനയിൽ നിന്ന് 'ഹാങ്കോർ ക്ലാസ്' അന്തർവാഹിനികൾ സ്വന്തമാക്കുന്നതും ഉയർത്തുന്ന പ്രതിരോധ വെല്ലുവിളികൾ നേരിടാനാണ് ഇന്ത്യയുടെ ഈ അടിയന്തര നീക്കം.

പുതിയ അന്തർവാഹിനികൾ വാങ്ങുന്നതിനൊപ്പം കൊച്ചിയിലെ സോനാർ എൻജിനീയറിങ് ആസംബ്ലി, ടെസ്റ്റ് ആൻഡ് ഇവാലുവേഷൻ സെന്റർ പോലെയുള്ള തദ്ദേശീയ ഗവേഷണ പരീക്ഷണ കേന്ദ്രങ്ങളിലൂടെ സാങ്കേതികവിദ്യ കൂടുതൽ മെച്ചപ്പെടുത്താനും നാവികസേന ലക്ഷ്യമിടുന്നുണ്ട്.



ആഗോള ഡീസൽ ക്ഷാമം: ഇന്ത്യൻ എണ്ണശുദ്ധീകരണ കമ്പനികൾക്ക് നേട്ടമാകുമെന്ന് റിപ്പോർട്ട്

ന്യൂദൽഹി: ആഗോള വിപണിയിൽ ഡീസൽ വിതരണത്തിലുണ്ടായ കുറവ് ഇന്ത്യൻ എണ്ണശുദ്ധീകരണ കമ്പനികൾക്ക് വലിയ സാമ്പത്തിക നേട്ടമുണ്ടാക്കുമെന്ന് ഇക്വിറസ് റിസർച്ചിന്റെ റിപ്പോർട്ട്. ചൈനയിൽ നിന്നുള്ള കയറ്റുമതി കുറയുന്നതും പ്രധാന അന്താരാഷ്ട്ര വിപണികളിൽ ശേഖരം കുറയുന്നതും ഇന്ത്യൻ ശുദ്ധീകരണ ശാലകൾക്ക് അനുകൂല അന്തരീക്ഷമൊരുക്കും.

ചൈനയിൽ നിന്നുള്ള ഡീസൽ കയറ്റുമതിയിൽ ഉണ്ടാകുന്ന വൻ ഇടിവ് അന്താരാഷ്ട്ര വിപണിയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്.



2026 നവംബറിൽ ചൈനയുടെ കയറ്റുമതി 0.8 മില്യൺ ടണ്ണിൽ താഴെയായി കുറയുമെന്നാണ് കണക്കാക്കുന്നത്. ഒക്ടോബർ അവസാനത്തോടെ ചൈനയിലെ വ്യാവസായിക ഡീസൽ ശേഖരം 11.1 മില്യൺ ടണ്ണിലേക്ക് താഴ്ന്നു, ഇത് 2011ൽ രേഖപ്പെടുത്താൻ തുടങ്ങിയ ശേഷമുള്ള ഏറ്റവും കുറഞ്ഞ അളവാണ്.

അമേരിക്കയിലടക്കം ശേഖരം കുറയുന്ന പശ്ചാത്തലത്തിൽ, ക്രൂഡ് ഓയിൽ വിലയും ശുദ്ധീകരിച്ച ഡീസൽ വിലയും തമ്മിലുള്ള വ്യത്യാസമായ 'ഡീസൽ ക്രാക്ക്' വർധിക്കുന്നത് ശുദ്ധീകരണ കമ്പനികളുടെ വരുമാനം വർദ്ധിപ്പിക്കും.

എണ്ണശുദ്ധീകരണ കമ്പനികൾ നേട്ടമുണ്ടാക്കുമ്പോഴും ഇന്ത്യയിലെ എണ്ണ ഉത്പാദകരായ ഒ.എൻ.ജി.സി., ഓയിൽ ഇന്ത്യ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കടുത്ത വെല്ലുവിളികൾ നേരിടുകയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

മുൻകാലങ്ങളിൽ എണ്ണ വിപണന കമ്പനികൾക്ക് നൽകേണ്ടിവന്ന ഇളവുകൾ, 2022ൽ നടപ്പിലാക്കിയ വിൻഡ്ഫോൾ ടാക്സ്, സർക്കാരിന്റെ ഇടപെടലുകൾ എന്നിവ നിക്ഷേപകരുടെ ആത്മവിശ്വാസത്തെ ബാധിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഉന്നതവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ സർവകലാശാല സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണം: പ്രൊഫ. അച്യുത്ശങ്കർ എസ്. നായർ

കോട്ടയം: പൊതുസർവകലാശാലകളുടെ മികവും പ്രസക്തിയും സംരക്ഷിക്കാൻ അധ്യാപക സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ അഭിപ്രായപ്പെട്ടു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാമിൽ അക്കാദമിക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയുടെ വളർച്ചയും സ്വകാര്യ, ഡീംഡ് സർവകലാശാലകളുടെ കടന്നുവരവും പൊതുസർവകലാശാലകൾക്ക് വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ അധ്യാപകരുടെയും അക്കാദമിക സമൂഹത്തിൻറെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഇവയെ നേരിടണം. വിദ്യാഭ്യാസ പരിഷ്കാരങ്ങളെ രാഷ്ട്രീയ നേട്ടങ്ങൾക്കുള്ള ഉപാധിയായി കാണരുത്. പൊതുകലാലയങ്ങളുടെ നിലവാരം ഇടിയുകയാണെന്ന പ്രതീതി സൃഷ്ടിക്കുന്നതിന് പകരം അവയുടെ നേട്ടങ്ങളും സാധ്യതകളും ഉയർത്തിക്കാട്ടണമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സവിശേഷതകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. മൂന്നുവർഷത്തിനുശേഷമുള്ള എക്സിറ്റ്, നാലുവർഷ ഓണേഴ്സ് ബിരുദം, ഗവേഷണത്തോടെയുള്ള ഓണേഴ്സ് ബിരുദം എന്നിവ വിദ്യാർഥികൾക്ക് വ്യത്യസ്ത പഠനഗവേഷണ സാധ്യതകൾ തുറന്ന് നൽകുന്നു. മേജർ, മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരവും ഇതിന്റെ പ്രത്യേകതയാണ്. പുതിയ പഠനപരിപാടികൾ ആരംഭിക്കുന്നതിനേക്കാൾ നിലവിലുള്ളവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. അക്കാദമിക പ്രവർത്തനങ്ങളിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ കോളേജുകളിലും എ.ഐ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ കലാലയങ്ങളിലേക്ക് ആഗോള അക്കാദമിക സമൂഹത്തെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ക്യാമ്പസ് ഡെവേഴ്സിറ്റി മിഷൻ' (കെ.സി.ഡി.എം) രൂപീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ലക്ഷ്യമിടുന്നതായും അദ്ദേഹം വ്യക്തമാക്കി. വിദേശ വിദ്യാർഥികളെ കേരളത്തിലെ ക്യാമ്പസുകളിലേക്ക് ആകർഷിക്കുന്നതിനും അവർക്കായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

ലോകത്തിൻറെ സമസ്ത മേഖലകളും കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമാകുമ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയും അതിനനുസരിച്ച് മാറേണ്ടതുണ്ടെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കവെ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. സാങ്കേതികവിദ്യയുടെ വളർച്ചയും, അക്കാദമിക മുന്നേറ്റവും സർവകലാശാലകളുടെ പ്രവർത്തനരീതികളിലും ഭരണസംവിധാനങ്ങളിലും മാറ്റം ആവശ്യപ്പെടുന്നുണ്ട്. പൊതുസർവകലാശാലകൾ കാലത്തിനൊത്ത് സ്വയം നവീകരിക്കുകയും മാറ്റങ്ങളോട് വേഗത്തിൽ പ്രതികരിക്കുകയും വേണം. പഴയ രീതികൾ കണ്ണടച്ച് പിന്തുടരുന്നതിന് പകരം ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും ആശയവിനിമയരീതികൾ കൂടുതൽ ലളിതവും ഫലപ്രദവുമാക്കാനും തയ്യാറാകണം. സർവകലാശാലാ പ്രവർത്തനരീതികളിൽ ഏകീകരണത്തോടൊപ്പം കാലാനുസൃതമായ മാറ്റങ്ങൾക്ക് കൂടി പ്രാധാന്യം നൽകണമെന്നും വൈസ് ചാൻസലർ കൂട്ടിച്ചേർത്തു.

'നാലുവർഷ ബിരുദ പ്രോഗ്രാം ട്രാൻസ്ഫോർമേഷൻ ആൻഡ് ട്രാൻസിഷൻ ടു ദി ന്യൂ ഫ്ലെക്സിബിൾ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം എന്ന വിഷയത്തിൽ നവംബർ 20 വരെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങളുമായി ചേർന്നുനിൽക്കുന്ന വിധത്തിൽ ഫലാധിഷ്ഠിത രീതികളിലേക്ക് പാഠ്യപദ്ധതിയെ മാറ്റിയെടുക്കാൻ അധ്യാപകരെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഐസൺ വി. വഞ്ചിപുരക്കൽ സ്വാഗതവും രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് നന്ദിയും പറഞ്ഞു.

കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ ക്രിസ്തുരാജന്റെ രാജത്വതിരുനാൾ

കോട്ടയം: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ക്രിസ്തുരാജന്റെ രാജത്വതിരുനാളും ദിവ്യകാരുണ്യ ആരാധനയും 20 മുതൽ 22 വരെ ആഘോഷിക്കും. 20നു വൈകുന്നേരം 5.45ന് കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് കത്തീഡ്രലിൽ പുതുതായി പണികഴിപ്പിച്ച കൊടിമരം വെഞ്ചരിച്ച് കൊടിയേറ്റുന്നതോടെ തിരുനാളാഘോഷങ്ങൾക്ക് തുടക്കമാകും. വികാരി ഫാ. ഡോ. തോമസ് ആദോപ്പിള്ളിൽ ലദീഞ്ഞിന് നേതൃത്വം നൽകും. തുടർന്ന് ചുങ്കം ഫൊറോന വികാരി ഫാ. സ്റ്റീഫൻ കണ്ടാരപ്പള്ളിയുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും അസി. വികാരി ഫാ. സിജോ ആൽപ്പാറയിലിൻറെ നേതൃത്വത്തിൽ ക്രിസ്തുരാജൻറെ നൊവേനയും നടക്കും. 21നു രാവിലെ ഏഴിന് ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയോടെ ദിവ്യകാരുണ്യ ആരാധന സമാരംഭിക്കും. ഉച്ചകഴിഞ്ഞ് 3.15ന് ക്രിസ്തുരാജന്റെ നൊവേനയ്ക്ക് അതിരൂപ പ്രൊക്യുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട് നേതൃത്വം നൽകും. തുടർന്ന് അതിരൂപത സഹായമെത്രാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും ആശീർവാദത്തിനും നേതൃത്വം നൽകും. വൈകുന്നേരം 6.30ന് ബിസിഎം ഓഡിറ്റോറിയത്തിൽ കലാസന്ധ്യ. കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഡോ. ബിനു കുന്നത്ത് വിശിഷ്ടാതിഥിയായിരിക്കും. രാത്രി 8.30ന് സ്നേഹവിരുന്ന്. 22നു രാവിലെ ഏഴിന് വികാരി ഫാ. തോമസ് ആദോപ്പിള്ളിലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന. 9.30ന് തിരുനാൾ റാസ കാരിത്താസ് ആശുപത്രി ജോയിൻറ് ഡയറക്ടർ ഫാ. ജോൺ പൂച്ചക്കാട്ടിൽ മുഖ്യകാർമികത്വം വഹിക്കും.

താത്കാലിക ഒഴിവ്

സർവകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ (താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ) നിയമനം നടത്തുന്നു. യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾക്ക് www.mgu.ac.in ഫോൺ 0481 2733541.

പ്രാക്ടിക്കൽ

നവംബർ 23 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എംഎഫ്എ (2025 അഡ്മിഷൻ റഗുലർ, 2020, 2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പ്രാക്ടിക്കൽ നവംബർ 19 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മൂന്നാംസെമസ്റ്റർ എംസിഎ (2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2020,022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷാ ഫലം

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് (2023 അഡ്മിഷൻ റഗുലർ, 2018,2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2019, 2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി, ബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷകൾക്ക് നവംബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 28 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിബിഎ, ബിസിഎ, ബിവോക് (ഓണേഴ്സ്) (2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും) ഒന്നാം സെമസ്റ്റർ ബിബിഎ, ബിസിഎ (ഓണേഴ്സ്) (2024 അഡ്മിഷൻ റീഅപ്പിയറൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് നവംബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 30 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 1 വരെയും അപേക്ഷ സ്വീകരിക്കും.



സൊസൈറ്റി ടുഡേ SOCIETY TODAY



ചക്കുളത്തുകാവ് പൊങ്കാല: നവംബർ 24ന്

ആലപ്പുഴ: ചക്കുളത്തുകാവ് പൊങ്കാല മഹോത്സവ ദിനമായ നവംബർ 24 ന് ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചെങ്ങന്നൂർ, മാവേലിക്കര, അമ്പലപ്പുഴ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫിസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടത്തും.

പ്രസിദ്ധമായ ചക്കുളത്തുകാവ് ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല 24നു നടത്തും. പൊങ്കാലയുടെ പ്രധാന ചടങ്ങായ കാർത്തിക സ്തംഭം ഉയർത്തൽ 15നു നടത്തി. 20നു മന്ത്രി മോൻസ് ജോസഫ് ക്ഷേത്ര നടയിൽ നിലവറദീപം തെളിയിക്കും. 24നു പുലർച്ചെ 4നു നിർമാല്യദർശനവും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും 9നു വിളിച്ചുചൊല്ലി പ്രാർഥനയും. തുടർന്നു ക്ഷേത്ര ശ്രീകോവിലിലെ കെടാവിളക്കിൽനിന്നു ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി കൊടിവിളക്കിലേക്കു ദീപം പകരും. നടപ്പന്തലിൽ പ്രത്യേകം തയാറാക്കിയ പണ്ടാര പൊങ്കാല അടുപ്പിലേക്കു മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി അഗ്നിപകർന്നു പൊങ്കാലയ്ക്കു തുടക്കം കുറിക്കും. മന്ത്രി രമേശ് ചെന്നിത്തല പൊങ്കാലയുടെ ഉദ്ഘാടനം നിർവഹിക്കും. ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി അധ്യക്ഷത വഹിക്കും. 11നു 500ൽ അധികം വേദ പണ്ഡിതൻമാരുടെ മുഖ്യ കാർമികത്വത്തിൽ ദേവിയെ 51 ജീവതകളിലായി എഴുന്നള്ളിച്ച് ഭക്തർ തയാറാക്കിയ പൊങ്കാല നേദിക്കും. വൈകിട്ട് 5നു സാംസ്കാരിക സമ്മേളനം നിയമ സഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി വിശിഷ്ടാതിഥിയാകും. എടത്വ സെന്റ് ജോർജ് ഫൊറോന പള്ളി വികാരി ഫാ. ജോസഫ് കളരിക്കൽ, നെടുമ്പ്രം ചീഫ് ഇമാം അമാനുല്ലാഹ് സുഹ്രി എന്നിവർ മുഖ്യസന്ദേശം നൽകും. മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി അനുഗ്രഹപ്രഭാഷണം നടത്തും. ക്ഷേത്ര മേൽശാന്തി അശോകൻ നമ്പൂതിരി മംഗളാരതി സമർപ്പിക്കും. ഡോ. സി.വി.ആനന്ദബോസ് കാർത്തിക സ്തംഭത്തിൽ അഗ്നിപകരുമെന്നു രഞ്ജിത് ബി.നമ്പൂതിരി, മീഡിയ കോഓർഡിനേറ്റർ അജിത്ത് കുമാർ പിഷാരത്ത്, പി.കെ.സ്വാമിനാഥൻ, കെ.എസ്.ബിനു എന്നിവർ പറഞ്ഞു.



വിശ്വഹിന്ദു പരിഷത്ത് ദേവസ്വം ക്ഷേത്രങ്ങളിൽ നടപ്പാക്കുന്ന ദിവ്യാംഗ സൗഹൃദ ദിവ്യദർശനം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കല്ലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിൽ 'സക്ഷമ' സംഘടനയുടെ സംസ്ഥാന രക്ഷാധികാരി എൻ. ആർ. മേനോൻ ഉദ്ഘാടനം ചെയ്യുന്നു. ക്ഷേത്രം മേൽ ശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, പ്രസന്ന ബാഹുലേയൻ, അനിൽ വിളയിൽ, അബിനു സുരേഷ്, ആർ.വി പ്രേം തുടങ്ങിയവർ സമീപം.

വിശ്വഹിന്ദു ദേവസ്വത്തിന്റെ: 'ദിവ്യാംഗ സൗഹൃദ ദിവ്യദർശനം' പദ്ധതി ഉദ്ഘാടനം ചെയ്തു

കൊച്ചി: വിശ്വഹിന്ദു ദേവസ്വം ക്ഷേത്രങ്ങളിൽ ഭിന്നശേഷിക്കാരായ വിശ്വാസികൾക്ക് തടസ്സങ്ങളില്ലാതെ സുഗമമായ ക്ഷേത്രദർശനം സാധ്യമാക്കുന്നതിനായി 'ദിവ്യാംഗ സൗഹൃദ ദിവ്യദർശനം' പദ്ധതിക്ക് തുടക്കമായി. ജന്മനാ പോളിയോ ബാധിതനും 'സക്ഷമ' സംഘടനയുടെ സംസ്ഥാന രക്ഷാധികാരിയുമായ എൻ. ആർ. മേനോൻ വീൽ ചെയറിൽ ഇരുന്ന് കല്ലൂർ പാവക്കുളം മഹാദേവ ക്ഷേത്രദർശനം നടത്തി പദ്ധതി ഉദ്ഘാടനം ചെയ്തു.

വിശ്വഹിന്ദു ദേവസ്വത്തിന്റെ കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സുഗമമായി ദർശനം നടത്തുന്നതിനായി റാംപുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ക്ഷേത്ര ജീവനക്കാരുടെ പ്രത്യേക സഹായവും ഈ പദ്ധതിയിലൂടെ ഉറപ്പാക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ പറഞ്ഞു. സംസ്ഥാന ദേവസ്വം വകുപ്പിന് കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും സമാനമായ രീതിയിൽ ദിവ്യാംഗ സൗഹൃദ ദിവ്യദർശനം പദ്ധതി നടപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചടങ്ങിൽ പാവക്കുളം ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, സംഘടനാ സെക്രട്ടറി കെ. ആർ. കണ്ണൻ, സംസ്ഥാന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ, ജോയന്റ് സെക്രട്ടറി അബിനു സുരേഷ്, ജില്ലാ സെക്രട്ടറി ആർ.വി.പ്രേം തുടങ്ങിയവർ പങ്കെടുത്തു.



വിശ്വഹിന്ദു പരിഷത്ത് നടപ്പാക്കിയ ദിവ്യാംഗ സൗഹൃദ ദിവ്യദർശനം പദ്ധതിവഴി കല്ലൂർ പാവക്കുളം ക്ഷേത്രത്തിൽ ഇഷ്ടദൈവമായ തൊഴാനെത്തിയ തൃപ്പൂണിത്തുറ സ്വദേശിനി സുമ വർമ്മ

ദിവ്യാംഗ ദിവ്യദർശനം പദ്ധതി: അറുപതാം വയസ്സിൽ ഇഷ്ടദൈവത്തെ തൊഴുത് സുമ വർമ്മ

കൊച്ചി: അറുപതാം വയസ്സിൽ വീൽചെയറിന്റെ സഹായത്തോടെ ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ച് ഇഷ്ടദൈവത്തെ അടുത്ത് കണ്ട് തൊഴാൻ സാധിച്ചതിലുള്ള വലിയ സന്തോഷവും ചാരിതാർത്ഥ്യവും പങ്കുവെച്ച് തൃപ്പൂണിത്തുറ സ്വദേശിനി സുമ വർമ്മ. 'മാനവസേവയാണ് മാധവസേവ' എന്ന ആപ്തവാക്യം മുൻനിർത്തി വിശ്വഹിന്ദു പരിഷത്ത് വൃശ്ചികം ഒന്നിന് തങ്ങളുടെ ദേവസ്വം ക്ഷേത്രങ്ങളിൽ നടപ്പാക്കിയ 'ദിവ്യാംഗ സൗഹൃദ ദിവ്യദർശനം' പദ്ധതിയുടെ ഭാഗമായി കല്ലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയതായിരുന്നു സുമ.

ക്ഷേത്രം ശ്രീകോവിലിന് മുന്നിൽ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി വീൽചെയറിലെത്തിയ ഭക്തരെ മാലയണിയിച്ച് ക്ഷേത്രത്തിനുള്ളിലേക്ക് സ്വീകരിച്ചു. ക്ഷേത്രം ജീവനക്കാരും വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകരും ചേർന്ന് വീൽചെയറിലെത്തിയ ഭക്തരെ ക്ഷേത്രത്തിനുള്ളിലേക്ക് ആനയിച്ച് സുഗമമായ ദർശനത്തിനുള്ള സൗകര്യമൊരുക്കി നൽകുകയായിരുന്നു.

രണ്ടു മാസത്തിനകം തൃശൂർ മൃഗശാലയിൽ നിന്ന് എല്ലാ മൃഗങ്ങളെയും പുത്തൂരിലേക്കു മാറ്റും: മന്ത്രി ഷിബു ബേബി ജോൺ

പുത്തൂർ: തൃശൂർ സുവോളജിക്കൽ പാർക്ക് രാജ്യാന്തര ശ്രദ്ധാകേന്ദ്രമാക്കാനുള്ള തുടർ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്നും ഇതിനായി വനം, മൃഗശാല വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുമെന്നും മന്ത്രി ഷിബു ബേബി ജോൺ. പുത്തൂരിലെ തൃശൂർ സുവോളജിക്കൽ പാർക്കിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. രണ്ടു മാസത്തിനകം ചെമ്പൂക്കാവിലെ തൃശൂർ മൃഗശാലയിൽ നിന്ന് എല്ലാ മൃഗങ്ങളെയും പുത്തൂരിലേക്കു മാറ്റുമെന്നും സുവോളജിക്കൽ പാർക്കിൽ ടൈഗർ സഫാരി, ഡീർ സഫാരി എന്നിവ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ഗുരുതര പരുക്കുകളോടെ മറ്റിടങ്ങളിൽ നിന്നു പുത്തൂരിലെത്തിക്കുന്ന മൃഗങ്ങളെ പരിചരിക്കാനും ചികിത്സിക്കാനും റെസ്ക്യൂ ആൻഡ് റിഹാബിലിറ്റേഷൻ കേന്ദ്രം തുടങ്ങാൻ പദ്ധതിയുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പുത്തൂർ പഞ്ചായത്തിനു കൂടി പ്രയോജനകരമാകുന്ന പദ്ധതികൾ പാർക്കിൽ ആവിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു. ഓൺലൈൻ ടിക്കറ്റിങ് സോഫ്റ്റ്വെയർ, സിസിടിവി നിരീക്ഷണ ക്യാമറകൾ, ആശയവിനിമയ സംവിധാനം എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു. പാർക്കിലെ ദിവസവേതന വാച്ചറായിരുന്ന പരേതനായ പൊന്നൂക്കര സ്വദേശി പുത്തൻപുരയ്ക്കൽ പി.ആർ. രതീഷിന്റെ കുടുംബത്തിനുള്ള ധനസഹായം ഭാര്യ ലതിക, മകൻ ശബരിനാഥ് എന്നിവർക്കു മന്ത്രി കൈമാറി. മന്ത്രി ഒ.ജെ. ജനീഷ്, കെ.രാജൻ എംഎൽഎ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പി.പുകഴേന്തി, പാർക്ക് ഡയറക്ടർ ബി.എൻ. നാഗരാജ്, സിസിഎഫ് കെ.വിജയാനന്ദ് എന്നിവർ പ്രസംഗിച്ചു.

കെൽട്രോണും കേരള ദിനേശ് ഐടി സിസ്റ്റംസും ചേർന്നാണ് പുതിയ ഓൺലൈൻ ടിക്കറ്റിങ് സോഫ്റ്റ്വെയറും നിരീക്ഷണ–ആശയവിനിമയ സംവിധാനവും പാർക്കിൽ ഒരുക്കിയത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സിഎസ്ആർ സംരംഭത്തിൽ ഉൾപ്പെടുത്തി നൽകിയ രണ്ട് ഇലക്ട്രിക് വാഹനങ്ങൾ കൂടി ഇനി പാർക്കിലെത്താനുണ്ട്.

ഇവ ഉടനെത്തും. വാഹനത്തിൽ കടുവകളെ കാണാൻ സൗകര്യമൊരുക്കുന്ന ടൈഗർ സഫാരിയും മാനുകളെ കാണാവുന്ന ഡീർ സഫാരിയുമാണ് രണ്ടാം ഘട്ടത്തിലുള്ള വികസന പദ്ധതികൾ. നഗരത്തിലെ ചെമ്പൂക്കാവിലുള്ള തൃശൂർ മൃഗശാലയിൽ നിന്ന് 56 മ്ലാവ്,19 മാൻ, ഒരുഹിപ്പോ എന്നിവയെ കൂടി പുത്തൂരിലേക്കു മാറ്റാനുണ്ട്. നിലവിൽ പുത്തൂരിൽ ധ്രുവൻ, നരൻ തുടങ്ങിയ കടുവകളും രശ്മി, പോപ്പി എന്നീ ഹിപ്പോകളും അടക്കം വിവിധ പക്ഷി, മൃഗങ്ങളെ എത്തിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ SOCIETY TODAY

പി കെ സ്റ്റീൽ ആർ സി ഐ റൺ ആന്റ് റൈഡ് തോമസ് മരിയൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി കിരൺ കൃഷ്ണന്



കൊച്ചി: റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കാൻ ഒട്ടനവധി പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി റോട്ടറി കൊച്ചിൻ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ 'റോഡ് സുരക്ഷ, എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശമുയർത്തി പി കെ സ്റ്റീൽ ആർ സി ഐ റൺ ആന്റ് റൈഡ് മാരത്തോണും സൈക്കളത്തോണും സംഘടിപ്പിച്ചു. അകാലത്തിൽ വാഹനാപകടത്തിൽ മരിച്ച തോമസ് മരിയന്റെ സ്മരണാർഥം റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സംഘടിപ്പിച്ച റൺ ആന്റ് റൈഡ് മാരത്തോണിൽ വാഹനാപകടത്തിൽ മരണപ്പെട്ടവരെ ഓർത്ത് മെഴുകുതിരി തെളിയിച്ചു.

കളമശ്ശേരി ഡെക്കാത്ലണിൽ നിന്നും പുലർച്ചെ 4.45ന് ആരംഭിച്ച വിവിധ മാരത്തണുകളും സൈക്ലിംഗും അവിടെ തന്നെ 8 മണിയോടെ സമാപിച്ചു.

സമാപന പരിപാടിയിൽ ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ. വി ഇ അബ്ദുൽ ഗഫൂർ, ട്രാൻസ്പോർട്ട് കമ്മീഷണർ ജി സ്പർജൻ കുമാർ, ഒളിംപ്യൻമാരായ എം ഡി വത്സമ്മ, മേഴ്സിക്കുട്ടൻ, കെ എം ബിനു, യൂസുഫ്, റോഡ് സേഫ്റ്റി കമ്മീഷണർ സതീഷ് ബിനോ, വിവേക് വി, പ്രസിഡണ്ട് ലിജി എബ്രഹാം, ചെയർമാൻ രാജീവ് എ ടി, ബീന മെൽവിൻ, ചന്ദ്രശേഖരൻ, റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ജോഷി ചാക്കോ, മുഹമ്മദ് ഷഫീക്ക്, പാസ്റ്റ് ഗവർണർമാരായ രാജ്മോഹൻ നായർ, ഡോ. ജി എൻ രമേഷ്, പ്രകാശ് ചന്ദ്രൻ, ബിജു ഐസക്ക് എന്നിവർ പങ്കെടുത്തു.

50 കിലോമീറ്റർ സൈക്ലിംഗിൽ 18നും 34നും ഇടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ ജേതാവായ കിരൺ കൃഷ്ണന് തോമസ് മരിയൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി തോമസ് മരിയന്റെ അമ്മ ലേഖ സമ്മാനിച്ചു. പരിപാടിയിൽ പങ്കെടുത്ത ഏറ്റവും പ്രായംകുറഞ്ഞ ആറുവയസ്സുകാരൻ ആയുഷിനേയും ഏറ്റവും പ്രായം കൂടി 94 വയസ്സുകാരൻ രാജ ഗോപാലിനേയും 10 കിലോമീറ്റർ ഓടിയ വിഭിന്നശേഷിക്കാരൻ ജോസഫിനേയും ചടങ്ങിൽ ആദരിച്ചു.

അഞ്ച് കിലോമീറ്റർ ഓട്ടം പുരുഷന്മാരിൽ പാർഥ്, വനിതകളിൽ മെലീസ്സ. അഞ്ചു കിലോമീറ്റർ നടത്തത്തിൽ പുരുഷന്മാരിൽ നിജോ വനിതകളിൽ നിത എന്നിവർ ചാമ്പ്യന്മാരായി.

21 കിലോമീറ്റർ പുരുഷന്മാരുടെ വിഭാഗത്തിൽ 18നും 30നും ഇടയിൽ പ്രായമുള്ളവരിൽ ഗോപാൽ ഒറാൺ, 31-45 പ്രായക്കാരിൽ സജിത്ത് കെ എം, 46-60ൽ ജോസ് ഇല്ലിക്കൽ, 60ന് മുകളിൽ സദാനന്ദൻ പിള്ള എന്നിവർ ജേതാക്കളായി. വനിതകളുടെ വിഭാഗത്തിൽ 18-30ൽ രേഷ്മ മാധവൻ, 31-45ൽ മിനു വികൂർ, 46-60ൽ ജസീന ഖാനി എന്നിവർ ജേത്രികളായി.

10 കിലോമീറ്റർ 18 വയസ്സിന് താഴെ ആൺകുട്ടികളിൽ സിറിയക് റെനിയും പെൺകുട്ടികളിൽ എൽക മേരി ഡെനിയും ഒന്നാമതായി. പുരുഷന്മാരുടെ 18-30ൽ അജ്മൽ എം എഫും 31-45ൽ വിഷ്ണു വി ആർ, 46 60ൽ ജിൽസൺ വി ജെ, 60ന് മുകളിൽ നഞ്ചുണ്ടൻ കാരി എന്നിവരും വനിതകളുടെ 18-30ൽ അഖില ഹരി കെ വിയും 31-45ൽ ഗീത മാധവനും 46 60ൽ റീന മനോഹറും 60ന് മുകളിൽ ആനി തോമസും വിജയികളായി.

സൈക്ലിംഗിൽ പുരുഷന്മാരുടെ 35-60 വിഭാഗത്തിൽ സോൽവിനും 60ന് മുകളിൽ ഡോ. എ എം ആന്റണിയും വനിതകളുടെ 18 34 വിഭാഗത്തിൽ ട്രീസിയും 35-60 വിഭാഗത്തിൽ അനുമിതയും വിജയം നേടി.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം; ഹോട്ടൽ, റസ്റ്റോറന്റ് മേഖല കടുത്ത പ്രതിസന്ധിയിൽ: കെ.എച്ച്.ആർ.എ.

കൊച്ചി: സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന തുടർച്ചയായ വർധനവ് ഹോട്ടൽ -റസ്റ്റോറന്റ് മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2026 ഒക്ടോബറിൽ കേരളത്തിലെ ഉപഭോക്തൃ വിലക്കയറ്റ നിരക്ക് 6.22 ശതമാനമാണ്. ദേശീയ ശരാശരി 6.09 ശതമാനവും. അതായത് ദേശീയ ശരാശരിയേക്കാൾ ഉയർന്ന വിലക്കയറ്റമാണ് കേരളം നേരിടുന്നത്.

ഇതിലും ആശങ്കജനകമാണ് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം. കേരളത്തിലെ ഭക്ഷ്യവിലക്കയറ്റം 10.92 ശതമാനത്തിലെത്തിയപ്പോൾ ദേശീയ ശരാശരി 8.94 ശതമാനമാണ്. ദേശീയ ശരാശരിയേക്കാൾ 1.98 ശതമാനം അധികമാണ് കേരളത്തിലെ ഭക്ഷ്യവിലക്കയറ്റം. ഇത് സാധാരണക്കാരുടെ കുടുംബ ബജറ്റിനേയും ഹോട്ടൽ വ്യവസായത്തിന്റെ പ്രവർത്തനച്ചെലവിനേയും ഒരുപോലെ ബാധിക്കുന്നു.

ഉള്ളി, സവാള, പച്ചക്കറികൾ, അരി, പലവ്യഞ്ജനങ്ങൾ, എണ്ണ, പാചകവാതകം തുടങ്ങി ഹോട്ടൽ മേഖലക്ക് ആവശ്യമായ മിക്കവാറും എല്ലാ ആവശ്യവസ്തുക്കളുടേയും വില വർധിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും വർധിക്കുന്ന പ്രവർത്തനച്ചെലവ് താങ്ങാനാവാത്ത സ്ഥിതിയിലാണ് ചെറുകിട, ഇടത്തരം ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ.

വിലക്കയറ്റത്തിന്റെ ആഘാതം സാധാരണക്കാരുടെ ഭക്ഷണ ശീലങ്ങളിലും പ്രകടിച്ചുതുടങ്ങി. ഇപ്പോൾ മലയാളിക്കുടുംബങ്ങൾ അവധി ദിവസങ്ങളിലോ, വിശേഷ അവസരങ്ങളിലോ മാത്രം ഹോട്ടൽ ഭക്ഷണം കഴിക്കുവാൻ എത്തുന്നുള്ളൂ. കുടുംബസമേതം ഹോട്ടലുകളിൽ ഭക്ഷണം കഴിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് ഹോട്ടൽ വ്യാപാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

അതേസമയം, ജീവിതച്ചെലവ് വർധിക്കുന്ന സാഹചര്യത്തിൽ ഹോട്ടൽ ജീവനക്കാരും ശമ്പളവർധനവ് ആവശ്യപ്പെടുന്നു. ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കേണ്ട ബാധ്യത ഹോട്ടലുടമകൾക്കുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വിലവർധനവിനനുസരിച്ച് ഭക്ഷണവില വർധിപ്പിക്കുവാൻ കഴിയാത്ത സാഹചര്യമാണ് ഹോട്ടലുടമകൾ നേരിടുന്നത്. വില വർദ്ധിപ്പിച്ചാൽ ഇപ്പോൾ തന്നെ വരാൻ മടിക്കുന്ന ഉപഭോക്താക്കൾ ഹോട്ടൽ ഭക്ഷണം ഉപേക്ഷിക്കുമോ എന്ന ആശങ്കയിലാണ് ഹോട്ടലുടമകൾ. സംസ്ഥാനത്തെ ഹോട്ടൽ - റസ്റ്റോറന്റ് മേഖല സാധാരണക്കാരുടെ ഭക്ഷണാവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം ലക്ഷകണക്കിനാളുകൾക്ക് തൊഴിലും, ഉപജീവനവും നൽകുന്ന വലിയൊരു സേവനമേഖലകൂടിയാണ്. ഈ മേഖലയിലെ പ്രതിസന്ധി തൊഴിലാളികളേയും, വിതരണക്കാരേയും, കർഷകരേയും ഉൾപ്പെടെ വലിയൊരു വിഭാഗത്തെ ബാധിക്കും.

ഈ സാഹചര്യത്തിൽ അവശ്യ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും, പാചകവാതകത്തിന്മേലുള്ള ജി.എസ്.ടി. 5 ശതമാനമായി കുറയ്ക്കണമെന്നും കെ.എച്ച്. ആർ.എ. ആവശ്യപ്പെട്ടു. വിപണിയിലെ കൃത്രിമ വിലക്കയറ്റവും, പൂഴ്ത്തിവെപ്പും തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. സാധാരക്കാരുടെ ഭക്ഷണാവകാശം സംരക്ഷിക്കുന്നതിനും, ഹോട്ടൽ വ്യവസായത്തിന്റെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും സർക്കാർ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും ആവശ്യപ്പെട്ടു.

റവന്യു ജില്ലാ സ്കൂൾ കലോത്സവം: ലോഗോ പ്രകാശനം ചെയ്തു

കോലഞ്ചേരി: കോലഞ്ചേരിയിൽ 24 മുതൽ 28 വരെ നടക്കുന്ന റവന്യു ജില്ലാ സ്കൂൾ കലോത്സവ ലോഗോ പ്രകാശനം ചെയ്തു. വി.പി. സജീന്ദ്രൻ എംഎൽഎ പ്രകാശനം നിർവഹിച്ചു.

കുന്നത്തുനാട് പഞ്ചായത്ത് പ്രസിഡൻറ് എ. പി. കുഞ്ഞ് മുഹമ്മദ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, ആർഡിഡി ബിയാട്രിസ് മരിയ, കോലഞ്ചേരി എഇഒ പി.ആർ. മേഖല, കോലഞ്ചേരി സെൻറ് പീറ്റേഴ്സ് എച്ച്എസ്എസ് മാനേജർ മാത്യു പി. പോൾ, പബ്ലിസിറ്റി ആൻഡ് മീഡിയ കൺവീനർ ജോമോൻ ജോസ് എന്നിവർ പ്രസംഗിച്ചു.

നോർത്ത് പറവൂർ ജിഎച്ച്എസ്എസിലെ പ്ലസ് വൺ വിദ്യാർഥിനി പവിത്ര എം. വിമലാണ് ഈ വർഷത്തെ റവന്യൂ ജില്ലാ കലോത്സവ ലോഗോ തയാറാക്കിയത്.

സെൻറ് പീറ്റേഴ്സ് എച്ച്എസ്എസാണ് കലോത്സവത്തിന്റെ പ്രധാന വേദി.14 ഉപജില്ലകളിൽ നിന്നായി 5000 ത്തോളം മത്സരാർഥികൾ പങ്കെടുക്കും.

മന്ത്രി റോജി എം. ജോണിന് പിന്തുണ പ്രഖ്യാപിച്ച് കുസാറ്റ് സിൻഡിക്കേറ്റ്

കൊച്ചി: ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോണിന് പിന്തുണ പ്രഖ്യാപിച്ച് കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവകലാശാല (കുസാറ്റ്) സിൻഡിക്കേറ്റ് പ്രമേയം പാസാക്കി. വെള്ളിയാഴ്ച ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് പ്രമേയം പാസാക്കിയത്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വികസനത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമായി മന്ത്രി നടത്തുന്ന പ്രവർത്തനങ്ങൾക്ക് സിൻഡിക്കേറ്റ് പൂർണ പിന്തുണ അറിയിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സർവകലാശാലകളുടെ അക്കാദമിക മികവ് ഉയർത്തുന്നതിനും മന്ത്രി നടത്തുന്ന ഇടപെടലുകളെ സിൻഡിക്കേറ്റ് അഭിനന്ദിച്ചു. മന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുകയും ഔദ്യോഗിക പരിപാടികൾ തടസ്സപ്പെടുത്തുകയും അദ്ദേഹത്തിനെതിരെ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളെ സിൻഡിക്കേറ്റ് അപലപിച്ചു. തൽപരകക്ഷികളുടെ ഇത്തരം ഹീനശ്രമങ്ങളിൽ പൊതുസമൂഹം വഞ്ചിതരാകരുത് എന്നും സിൻഡിക്കേറ്റ് കൂട്ടിച്ചേർത്തു.

ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർവകലാശാലകളുടെ പുരോഗതിക്കും അക്കാദമിക സ്വയംഭരണത്തിനും പ്രാധാന്യം നൽകുന്ന സമീപനത്തിന് പിന്തുണ അറിയിച്ച സിൻഡിക്കേറ്റ്, സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ വികസനത്തിന് മന്ത്രിയോടൊപ്പം നിലകൊള്ളുമെന്നും വ്യക്തമാക്കി.

കുസാറ്റിൽ ദേശീയ ശിൽപശാല ഇന്ന്

കൊച്ചി: ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ 'ഉന്നതവിദ്യാഭ്യാസത്തിലും ഗവേഷണത്തിലും ഇൻഫ്ലിബ്നെറ്റ് സേവനങ്ങളും ഗവേഷണത്തിലെ എ.ഐ. ഉപയോഗവും' എന്ന വിഷയത്തിൽ ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. നവംബർ 18ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ കുസാറ്റ് സെമിനാർ കോംപ്ലക്സിലെ മിനി ഹാളിലാണ് ശിൽപശാല നടക്കുന്നത്. വൈസ് ചാൻസലർ പ്രൊഫ. എം. ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്യും.

ഗുജറാത്തിലെ ഇൻഫ്ലിബ്നെറ്റ്/യു.ജി.സി.യിലെ സയന്റിസ്റ്റ്എഫ് മനോജ് കുമാർ കെ., കുസാറ്റ് കമ്പ്യൂട്ടർ സയൻസ് വിഭാഗം പ്രൊഫസർ ഡോ. ജി. സന്തോഷ് കുമാർ എന്നിവർ റിസോഴ്സ് പേഴ്സൺമാരായിരിക്കും. ശോധ്ഗംഗ, ശോധ് ശുദ്ധി, പ്ലേജിയറിസം, ശോധ്ചക്ര, വിദ്വാൻ, ഐ.ആർ.ഐ.എൻ.എസ്., ഒ.എൻ.ഒ.എസ്.എ.പി.സി., ഗവേഷണത്തിലെ എ.ഐ. ഉപയോഗം തുടങ്ങിയ വിഷയങ്ങൾ ശിൽപശാലയിൽ അവതരിപ്പിക്കും.

വാക്ക്ഇൻ ഇന്റർവ്യൂ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് നിയമനത്തിനായി വിമുക്തഭടന്മാർക്കുള്ള വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. പത്താം ക്ലാസ്/ തത്തുല്യ യോഗ്യത, സൈന്യം/ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്/ ബോർഡർ സെക്യൂരിറ്റി ഫോഴ്സ്/ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്/ ഇന്തോടിബറ്റൻ ബോർഡർ പോലീസ്/ സശസ്ത്ര സീമാബൽ തുടങ്ങി സൈനിക/ അർദ്ധസൈനിക വിഭാഗങ്ങളിൽ 5 വർഷ സേവന പരിചയം എന്നിവയാണ് യോഗ്യത. ഉയർന്ന പ്രായപരിധി 56 വയസ് താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ 20ന് രാവിലെ 11 മണിക്ക് വൈസ് ചാൻസലറുടെ കാര്യാലയത്തിൽ യോഗ്യത, പ്രവർത്തി പരിചയം, സംവരണം എന്നിവ തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റുകളും പകർപ്പുമായി ഹാജരാക്കേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



മേക്ക് മൈ ട്രിപ്പ് കോതമംഗലം ഊന്നുകളിൽ ആരംഭിച്ച കേരളത്തിലെ ആദ്യ ലോഞ്ച് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യുന്നു. ഷിബു തെക്കുംപുറം എംഎൽഎ, ദീൻ കുര്യാക്കോസ് എംപി, ജസ്മീത് സിംഗ്, അൻവർ സാദത്ത് എംഎൽഎ തുടങ്ങിയവർ സമീപം.

കേരളത്തിലെ ആദ്യ സിഗ്നേച്ചർ ലോഞ്ച് അവതരിപ്പിച്ച് മേക്ക് മൈ ട്രിപ്പ്

കൊച്ചി: കോതമംഗലം ഊന്നുകല്ലിൽ സിഗ്നേച്ചർ ലോഞ്ച്ആരംഭിച്ച് മേക്ക് മൈ ട്രിപ്പ്. മേക്ക് മൈ ട്രിപ്പ് ഹോളിഡേ ഉപഭോക്താക്കൾക്ക് സൗജന്യമായി ലോഞ്ച് ഉപയോഗിക്കാം. ഡീൻ കുര്യാക്കോസ് എംപി, എംഎൽഎമാരായ ഷിബു തെക്കുംപുറം, അൻവർസാദത്ത് എന്നിവരുടെ സാന്നിധ്യത്തിൽ ടൂറിസം മന്ത്രി പി. സി. വിഷ്ണുനാഥ് ലോഞ്ച് ഉദ്ഘാടനം ചെയ്തു. യാത്ര ആസൂത്രണം ചെയ്യുന്നതിനും ബുക്ക് ചെയ്യുന്നതിനുമപ്പുറം യാത്രയിലുടനീളം സേവനങ്ങൾ ലഭ്യമാക്കാൻ ഈ ലോഞ്ച് സഹായിക്കുന്നു. മേക്ക് മൈ ട്രിപ്പിന്റെ പ്രധാന ആഭ്യന്തര വിനോദസഞ്ചാര പാതകളിലൊന്നായ കൊച്ചിമൂന്നാർ തേക്കടിആലപ്പി സർക്യൂട്ടിന്റെ ഭാഗമാണിത്. ദേശീയപാത 85ൽ സ്ഥിതി ചെയ്യുന്ന ഈ ലോഞ്ച് വിമാനമാർഗ്ഗം എത്തുന്ന സഞ്ചാരികൾക്ക് വിശ്രമിക്കാൻ സൗകര്യമൊരുക്കുന്നു. ചീയപ്പാറ, വാളറ വെള്ളച്ചാട്ടങ്ങൾ പോലുള്ള വിനോദസഞ്ചാര അകർഷങ്ങൾ ഉള്ള ഈ പാതയിൽ സ്ഥാപിച്ചിരിക്കുന്ന ലോഞ്ച് ആദ്യാവാസന ഹോളിഡേ അനുഭവം ശക്തിപ്പെടുത്തും.

യാത്രക്കാർക്ക് സേവനം നൽകുന്നതിനപ്പുറം, കേരളംത്തിലെ പ്രശസ്തവും പരമ്പരാഗതവുമായ സുഗന്ധവ്യഞ്ജനങ്ങളും മറ്റ് പ്രാദേശിക ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കാനും വിൽക്കാനുമുള്ള ഇടമായും ഈ ലോഞ്ച് പ്രവർത്തിക്കുന്നു. എൽഇഡി സ്ക്രീനുകളിലൂടെയും വിആർ അനുഭവങ്ങളിലൂടെയും സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളും അധികം അറിയപ്പെടാത്ത സ്ഥലങ്ങളും ഇവിടെ പരിചയപ്പെടുത്തുന്നു.

കേരളംത്തിലെ മലനിരകളിലേക്കുള്ള യാത്ര സഞ്ചാരികൾക്ക് കൂടുതൽ സുഖകരമാക്കുന്നതിനാണ് ഈ ലോഞ്ച് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പല സഞ്ചാരികളും അതിരാവിലെയോ രാത്രിയിലോ ഉള്ള വിമാനങ്ങളിൽ എത്തിച്ചേരുന്നവരും, തുടർന്ന് ദീർഘദൂരം സഞ്ചരിക്കേണ്ടവരുമാണ്. ഇവിടെ ഉപഭോക്താക്കൾക്ക് ചെക്ക്ഇൻ ചെയ്യാനും, സ്വാഗത പാനീയങ്ങളും സഹായങ്ങളും സ്വീകരിക്കാനുമായി പ്രത്യേക റിസപ്ഷൻ ഡെസ്ക്കുണ്ട്. കൂടാതെ, വസ്ത്രം മാറാനുള്ള സൗകര്യം, റിക്ലൈനറുകൾ, മൊബൈൽ ചാർജിംഗ് പോയിന്റുകൾ, അതിവേഗ ഇന്റർനെറ്റ് എന്നിവ അടങ്ങിയ വിശ്രമസ്ഥലവും ഇവിടെയുണ്ട്. ലഘുഭക്ഷണ കൗണ്ടറും റെസ്റ്റോറന്റും സൗജന്യ പ്രഭാതഭക്ഷണം, പരമ്പരാഗത സദ്യ, ചായ, കാപ്പി, മറ്റ് ലഘുഭക്ഷണങ്ങൾ എന്നിവ നൽകുന്നു. കൂടാതെ ഒരു ആക്ടിവിറ്റി സോണും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികളുമായും മുതിർന്നവരുമായും യാത്ര ചെയ്യുന്ന കുടുംബങ്ങളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് രൂപകൽപ്പന ചെയ്തിരിക്കുന്ന ലോഞ്ചിൽ മുലയൂട്ടുന്നതിനായുള്ള പ്രത്യേക മുറി, കൈക്കുഞ്ഞുങ്ങളുമായി യാത്ര ചെയ്യുന്ന മാതാപിതാക്കൾക്കായി അടുക്കള സൗകര്യങ്ങൾ, മെഡിക്കൽ റൂം, പ്രാർത്ഥനാ മുറി എന്നിവയും ഒരുക്കിയിട്ടുണ്ട്. മേക്ക് മൈ ട്രിപ്പ് ആരംഭിച്ച രാജ്യത്തെ മൂന്നാമത് ലോഞ്ച് ആണ് കോതമംഗലത്ത് തുറക്കുന്നതെന്ന് മേക്ക് മൈ ട്രിപ്പ് ഹോളിഡേയ്സ് ആൻഡ് എക്സ്പീരിയൻസസ് വിഭാഗം ചീഫ് ബിസിനസ് ഓഫീസർ ജസ്മീത് സിംഗ് പറഞ്ഞു.

മഹീന്ദ്രയും ഊബറും കൈകോർക്കുന്നു: 5,000 ഇലക്ട്രിക് ഓട്ടോകൾ നിരത്തിലിറക്കും



കൊച്ചി: രാജ്യത്തെ മുൻനിര ഇലക്ട്രിക് വാണിജ്യ വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡും ഊബറും രാജ്യത്തുടനീളം ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പങ്കാളിത്തം പ്രഖ്യാപിച്ചു.

ഒരു വർഷത്തിനുള്ളിൽ 5,000 മഹീന്ദ്ര ഇലക്ട്രിക് ഓട്ടോ റിക്ഷകൾ നിരത്തിലിറക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്ന ഘടകങ്ങൾ കുറയ്ക്കുന്നതിനുമായി ഇ.വി ഓട്ടോ അഡ്വാന്റേജ് പദ്ധതിയിലൂടെ ഇരുകമ്പനികളും സഹകരിക്കും. ഇതുവഴി ഊബർ പ്ലാറ്റ്ഫോമിലെ ഡ്രൈവർമാർക്ക് ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറുന്നത് കൂടുതൽ എളുപ്പമാകും.

ബാറ്റ ഇന്ത്യയ്ക്ക് ലാഭ വളർച്ച

കൊച്ചി: പാദരക്ഷാ നിർമ്മാതാക്കളായ ബാറ്റ ഇന്ത്യ സെപ്റ്റംബർ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തെ രണ്ടാം പാദ ഫലങ്ങൾ പ്രഖ്യാപിച്ചു. ഈ വർഷം ഉത്സവകാല വിപണി മൂന്നാം പാദത്തിലേക്ക് നീങ്ങിയിട്ടും, കമ്പനി 8,618 ദശലക്ഷം രൂപയുടെ വരുമാനം രേഖപ്പെടുത്തി മികച്ച നേട്ടം കൈവരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ പാദത്തിൽ രേഖപ്പെടുത്തിയ 8,013 ദശലക്ഷം രൂപയെ അപേക്ഷിച്ച് 7.5 ശതമാനത്തിലധികം വളർച്ചയാണിത്.

ഉയർന്ന ശരാശരി വിൽപ്പന വിലയുടെ പിന്തുണയോടെ ഈ പാദത്തിൽ നികുതിക്ക് ശേഷമുള്ള ലാഭം 180 ദശലക്ഷം രൂപയായി ഉയർന്നു. മുൻവർഷം ഇതേ കാലയളവിലെ 138 ദശലക്ഷം രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ലാഭത്തിൽ 31 ശതമാനത്തിലധികം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.

ഉപഭോക്താക്കളുടെ മാറുന്ന അഭിരുചികൾക്കനുസരിച്ച് നൂതന ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിലും വിൽപ്പന ശൃംഖല വിപുലീകരിക്കുന്നതിലും കമ്പനി തുടരുന്ന ശ്രദ്ധയാണ് ഈ മികച്ച പ്രകടനത്തിന് പിന്നിൽ. വരാനിരിക്കുന്ന ഉത്സവകാല സീസണിലും ഈ വളർച്ചാ മുന്നേറ്റം തുടരാനാകുമെന്ന തികഞ്ഞ ആത്മവിശ്വാസത്തിലാണ് ബാറ്റ ഇന്ത്യ.

നബാർഡും കൊച്ചിൻ ചേംബറും കാർഷിക വ്യവസായ മേഖലയിൽ പുതിയ സഹകരണ സാധ്യതകൾ തേടുമെന്ന് ഡോ. ഷാജി കൃഷ്ണൻ

കൊച്ചി: അസംസ്കൃത കാർഷിക ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനു പകരം അവ സംസ്കരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി കയറ്റുമതി ചെയ്യുന്നതിന് കേരളം പ്രാധാന്യം നൽകണമെന്ന് നബാർഡ് ചെയർമാൻ ഡോ. ഷാജി കൃഷ്ണൻ വി പറഞ്ഞു. കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ ഇവന്റ്സ് കലണ്ടർ പുറത്തിറക്കൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കർഷകരുടെ വരുമാനം വർധിപ്പിക്കാനും സമ്പത്ത് സംസ്ഥാനത്തിനുള്ളിൽത്തന്നെ നിലനിർത്താനും ഇതിലൂടെ കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കാർഷിക ഉത്പാദനം, സംസ്കരണം, പാക്കേജിങ്, ബ്രാൻഡിങ്, വിപണനം എന്നിവ ഉൾപ്പെടുന്ന സമഗ്ര മൂല്യശൃംഖല വികസിപ്പിക്കുകയാണ് വേണ്ടത്. കൃഷിയിടങ്ങളോട് ചേർന്ന് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിലൂടെ കർഷകരെ നേരിട്ട് മൂല്യവർധനാ പ്രവർത്തനങ്ങളുടെ ഭാഗമാക്കണം. ചെറുകിട, ഇടത്തരം സംരംഭങ്ങളെയും കർഷക ഉത്പാദക സംഘടനകളെയും വ്യവസായ ക്ലസ്റ്ററുകളായി ഏകോപിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

കാർഷിക മേഖലയിലെ സംരംഭങ്ങൾക്ക് വായ്പാ ഗ്യാരണ്ടി, പുനർവായ്പ, ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക പിന്തുണകൾ ലഭ്യമാക്കുന്നതിൽ നബാർഡ് സഹകരിക്കും. ഓരോ ജില്ലയിലും മികച്ച സാധ്യതകളുള്ള കാർഷിക മൂല്യശൃംഖലകൾ വികസിപ്പിക്കുന്നതിനും ചെറുകിട സംരംഭകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ധനസഹായവും ഉറപ്പാക്കുന്നതിനും നടപടികളുണ്ടാകും.

നിർമിതബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ വ്യവസായ കാർഷിക മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിനും കാലാവസ്ഥാ പ്രതിരോധശേഷിയുള്ള വികസനം ഉറപ്പാക്കുന്നതിനും പ്രാധാന്യം നൽകണം. ഉത്പാദനത്തിന്റെ അളവിനൊപ്പം ഗുണനിലവാരം, സുസ്ഥിരത, ഉത്പന്നങ്ങളുടെ ഉറവിടം എന്നിവയും പരിഗണിക്കണം.



കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സുമായി സഹകരിച്ച് കാർഷിക ചെറുകിട വ്യവസായ മേഖലകളുടെ വികസനത്തിനായി സംയുക്ത വേദി രൂപീകരിക്കാനും നബാർഡ് സന്നദ്ധമാണ്. സാധ്യതയുള്ള കാർഷിക ഉത്പന്ന ക്ലസ്റ്ററുകൾ കണ്ടെത്തി അടിസ്ഥാനസൗകര്യ വികസനം, വിപണന പങ്കാളികളെ കണ്ടെത്തൽ, ബാങ്കുകൾക്ക് സമർപ്പിക്കാനുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കൽ തുടങ്ങിയവയ്ക്ക് സഹായം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളത്തിന്റെ കാർഷിക വ്യവസായ മേഖലകളെ പരസ്പരം ബന്ധിപ്പിച്ച് ഉത്പാദകർക്ക് മൂല്യവർധനയുടെ ന്യായമായ വിഹിതം ലഭിക്കുന്ന സംവിധാനം സൃഷ്ടിക്കുകയാണ് ലക്ഷ്യം. നബാർഡും കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സും തമ്മിലുള്ള സഹകരണം ഇതിന് പുതിയ തുടക്കമാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ബിബു പുന്നൂരാൻ, മുൻ പ്രസിഡന്റ് വേണുഗോപാൽ സി ഗോവിന്ദ്, വൈസ് പ്രസിഡന്റ് പ്രകാശ് അയ്യർ എന്നിവർ പ്രസംഗിച്ചു.

239 ആശാ പ്രവർത്തകർക്ക് 10,000 രൂപ വീതം; മുത്തൂറ്റ് ഫിനാൻസിന്റെ ആശാ ശക്തി

കൊച്ചി: സമൂഹികാരോഗ്യ സംരക്ഷണ മേഖലയിൽ നിർണായക പങ്കുവഹിക്കുന്ന ആശാ പ്രവർത്തകരുടെ സേവനങ്ങളെ ആദരിക്കുന്നതിനായി ആശാ ശക്തി പദ്ധതിയുമായി മുത്തൂറ്റ് ഫിനാൻസ്. നവംബർ 20ന് ഉച്ചകഴിഞ്ഞ് 3ന് പാലാരിവട്ടത്തെ മുത്തൂറ്റ് ഫിനാൻസിന്റെ ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രി കെ. മുരളീധരൻ പദ്ധതി ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി, ഉമ തോമസ് എംഎൽഎ, മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ് എം. ജോർജ് എന്നിവർ പങ്കെടുക്കും.

പദ്ധതിയുടെ ആദ്യഘട്ടത്തിനായി 30 ലക്ഷം രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. എറണാകുളം ജില്ലയിൽ നിന്നാണ് പദ്ധതിക്ക് തുടക്കമാകുന്നത്. ദേശീയ ആരോഗ്യ ദൗത്യത്തിന് (എൻ.എച്ച്.എം) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 60 വയസും അതിനു മുകളിലും പ്രായമുള്ള 239 ആശാ പ്രവർത്തകരെയാണ് ആദ്യഘട്ടത്തിൽ ആദരിക്കുക.

ഓരോരുത്തർക്കും 10,000 രൂപയും ഉപഹാരവും നൽകും. സമൂഹത്തിന്റെ ആരോഗ്യസംരക്ഷണത്തിനായി വർഷങ്ങളായി നടത്തുന്ന സമർപ്പിത സേവനങ്ങൾക്കുള്ള ആദരസൂചകമായാണ് പുരസ്കാരം. മുത്തൂറ്റ് ഫിനാൻസിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.

നിക്ഷേപക ബോധവൽക്കരണവുമായി എസ്.ബി.ഐ മ്യൂച്വൽ ഫണ്ട്

കൊച്ചി: നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സാമ്പത്തിക സാക്ഷരത ഉറപ്പാക്കുന്നതിനുമായി എസ്.ബി.ഐ മ്യൂച്വൽ ഫണ്ട് നിക്ഷേപക ബോധവൽക്കരണ സംരംഭത്തിന് തുടക്കം കുറിക്കുന്നു. സുരക്ഷിതവും സുതാര്യവുമായ നിക്ഷേപ അന്തരീക്ഷം വളർത്തിയെടുക്കുക എന്നതാണ് ഈ ബോധവൽക്കരണ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകർ എല്ലായ്പ്പോഴും അംഗീകൃതവും രജിസ്റ്റർ ചെയ്തതുമായ മ്യൂച്വൽ ഫണ്ടുകളുമായി മാത്രമേ സാമ്പത്തിക ഇടപാടുകൾ നടത്താവൂ. ഇത്തരം അംഗീകൃത സ്ഥാപനങ്ങളുടെയും വിപണി അടിസ്ഥാന സൗകര്യ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. നിക്ഷേപകർ തങ്ങളുടെ ഒറ്റത്തവണ ഉപഭോക്തൃ തിരിച്ചറിയൽ നടപടിക്രമങ്ങൾ കൃത്യമായി പൂർത്തിയാക്കേണ്ടതുണ്ട്. വിലാസം, ഫോൺ നമ്പർ, ബാങ്ക് വിവരങ്ങൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ മ്യൂച്വൽ ഫണ്ടുകളുടെ ഔദ്യോഗിക വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടാതെ, രജിസ്റ്റർ ചെയ്ത ഇടനിലക്കാരുടെ സേവനങ്ങളിലോ മറുപടിയിലോ നിക്ഷേപകർ തൃപ്തരല്ലെങ്കിൽ, അവർക്കെതിരെ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ ഓൺലൈൻ പരാതി പരിഹാര സംവിധാനം വഴി പരാതി സമർപ്പിക്കാവുന്നതും, തുടർന്ന് ആ പരാതിയുടെ നിലവിലെ സ്ഥിതി തത്സമയം പരിശോധിക്കാവുന്നതുമാണ്.



എയർടെൽ ഇൻസൈഡറിൽ 30,000 രൂപയിൽ അധികം റിവാർഡുകൾ

തിരുവനന്തപുരം: എയർടെൽ കണക്ഷനിലൂടെ ഉപഭോക്താവിന് ലഭിക്കുന്നത് 30,000 രൂപയിൽ അധികം മൂല്യമുള്ള എയർടെൽ ഇൻസൈഡർ റിവാർഡുകൾ. പ്രീമിയം സബ്സ്ക്രിപ്ഷനുകൾ മുതൽ യാത്ര ചെയ്യാൻ, ഭക്ഷണം കഴിക്കാൻ, വിനോദത്തിന് തുടങ്ങിയ എല്ലാമുള്ള ഡീലുകൾ അടക്കം പ്രമുഖ ബ്രാൻഡുകളിൽ നിന്നുള്ള ഓഫറുകളെ എയർടെൽ ഇൻസൈഡർ ഒരുകുടക്കീഴിൽ നൽകുന്നു.

പഠനവും സബ്സ്ക്രിപ്ഷനുകളും വിഭാഗത്തിൽ ഡുവോലിംഗോയിൽ 12 മാസത്തേക്ക് 3120 രൂപ മൂല്യമുള്ള സൂപ്പർ ഡുവോലിംഗോ ലഭിക്കും. ഷോപ്പിങും ഗാഡ്ജറ്റുകളും വിഭാഗത്തിൽ ക്രോമ, ആപ്പിൾ എന്നിവയിലൂടെ ഐഫോൺ 15/16/17 വേരിയന്റുകൾക്ക് 23,000 രൂപ ലാഭിക്കാനാകും. വിനോദ വിഭാഗത്തിൽ 3 മാസത്തേക്ക് പോക്കറ്റ്എഫ്എം പ്രീമിയം ലഭിക്കും. സിനിപോളിസിൽ 2 സിനിമ ടിക്കറ്റുകൾ വാങ്ങൂ, 1 ഫ്രീയായി നേടൂ എന്ന ടിക്കറ്റ് ഓഫറിൽ 150 രൂപ വരെ വിലക്കിഴിവ് ലഭിക്കും.

ഭക്ഷണ, പാനീയ ഓഫറുകളിൽ എയർടെൽ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് മാത്രമായി 1,500 രൂപയോ അതിൽ കൂടുതലോ ഉള്ള എഫ്എൻബിക്ക് 300 രൂപ കിഴിവ് ലഭിക്കും.

ആരോഗ്യവും വെൽനസും വിഭാഗത്തിൽ അപ്പോളോ 24X7-ൽ 6 മാസത്തേക്ക് അപ്പോളോ സർക്കിൾ അംഗത്വം ലഭിക്കും.

നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ ഓഫറുകളും റെഡീം ചെയ്ത് 30,000 രൂപയിൽ അധികമുള്ള റിവാർഡുകൾ ഉപഭോക്താക്കൾക്ക് അൺലോക്ക് ചെയ്യാം. പുതിയ കാര്യങ്ങൾ പഠിക്കുന്നത് മുതൽ ഗാഡ്ജെറ്റുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും, അടുത്ത അവധിക്കാല യാത്ര പ്ലാൻ ചെയ്യുന്നതിനും, പുറത്തുപോയി ഭക്ഷണം ആസ്വദിക്കുന്നതിനും വരെ, ഉപഭോക്താക്കൾക്ക് അവരുടെ ദൈനംദിന ചെലവുകൾ പരമാവധി പ്രയോജനപ്പെടുത്താൻ എയർടെൽ ഇൻസൈഡർ കൂടുതൽ അവസരങ്ങൾ നൽകുന്നു.

ഉപഭോക്തൃബന്ധത്തിന് കൂടുതൽ മൂല്യം നൽകാനും, എയർടെല്ലുമായുള്ള ബന്ധം ഒന്നിലധികം രീതികളിൽ നേട്ടങ്ങൾ നൽകുന്നതാക്കി മാറ്റുന്നതിനുമുള്ള എയർടെല്ലിന്റെ മറ്റൊരു ചുവടുവെപ്പാണിത്.

സ്റ്റാർട്ടപ്പുകൾക്കും എഐ ഉപഭോക്താക്കൾക്കും സാധ്യതയൊരുക്കി കേരള എഐ കമ്പനി ഐൻഡ്രിയ കോസ്മോസ്

● സാങ്കേതിക ടീം ഇല്ലാത്ത ചെറിയ സ്ഥാപനത്തിന് 300 രൂപ മുതൽ പൂർണ്ണ ഡിജിറ്റൽ വിഭാഗത്തിന്റെ സേവനം സാധ്യമാക്കുന്നു

തിരുവനന്തപുരം: ഒറ്റ സംഭാഷണത്തിൽ വെബ്സൈറ്റ്, വീഡിയോ, പാട്ട്, ഡെക്ക്, ബിസിനസ് കണക്ഷൻ, യാത്രാ ബുക്കിംഗ് തുടങ്ങിയ സൗകര്യങ്ങളെല്ലാം ഒരുക്കി എഐ പ്ലാറ്റ്ഫോം ഐൻഡ്രിയ കോസ്മോസ്. കൊച്ചി ആസ്ഥാനമായ കമ്പനിയാണ് കുറഞ്ഞ ചെലവിൽ സ്റ്റാർട്ടപ്പുകൾക്കും എഐ ഉപഭോക്താക്കൾക്കും ഈ സൗകര്യം ഒരുക്കുന്നത്. കോവളത്ത് നടന്ന ഹഡിൽ ഗ്ലോബൽ2026 സ്റ്റാർട്ടപ്പ് ഫെസ്റ്റിവെലിൽ ഈ പ്ലാറ്റ്ഫോം പുറത്തിറക്കി.

ഒരു സ്റ്റാർട്ടപ്പിന് ആവശ്യമായ ഡാറ്റാബേസ്, ലോഗിൻ, ഡാഷ് ബോർഡ്, ലൈവ് ഹോസ്റ്റിംഗ് എന്നിവയുൾപ്പെടെ 300 രൂപ മുതൽ ഉണ്ടാക്കിയെടുക്കാം എന്നതാണ് ഈ പ്ലാറ്റ്ഫോമിന്റെ പ്രത്യേകത.

സ്വന്തം ഭാഷയിൽ ചോദിച്ചാൽ മതി, ഇതിന് മറുപടിയായി പ്ലാറ്റ്ഫോമിലെ സഹായിയായ കോസ്മി ചോദ്യങ്ങളിലൂടെ ആവശ്യം മനസ്സിലാക്കുകയും പ്ലാനും ഡിസൈനും തയ്യാറാക്കി ആപ്പ് നിർമ്മിച്ച് ലൈവ് ആക്കുന്നതുവരെയുള്ള ജോലികൾ ഏറ്റെടുക്കുകയും ചെയ്യും.

ഐൻഡ്രിയ കോസ്മോസ് വെബിലും മൊബൈലിലും ലഭ്യമാണ്. ഒരു സൗജന്യ സംഭാഷണത്തിലൂടെ എന്താണ് വേണ്ടത് എന്ന് ആവശ്യപ്പെടാം. ആവശ്യമുള്ള ജോലികൾക്ക് മാത്രം ചെലവ് വരൂ. സാങ്കേതിക ടീം ഇല്ലാത്ത ഒരു ചെറിയ സ്ഥാപനത്തിന് ഇത് ഒരു പൂർണ്ണ ഡിജിറ്റൽ വിഭാഗത്തിന് തുല്യമാണ്.

ഐൻഡ്രിയ കോസ്മോസ് ആപ്പ് ബിൽഡർ മാത്രമല്ല. ഒരു ചെറിയ സ്റ്റാർട്ടപ്പ് ദിവസേന വാങ്ങേണ്ടിവരുന്ന ഒട്ടേറെ സേവനങ്ങൾ ഇതിൽ ലഭ്യമാണ്. ബിസിനസിന്റെ പേരും വിവരങ്ങളും പറഞ്ഞാൽ ഡൊമെയ്ൻ വാങ്ങി ലൈവ് ആക്കുന്നതുവരെയുള്ള സേവനങ്ങൾ, പ്രൊഡക്ട് വീഡിയോ, ഷോർട്ട് ക്ലിപ്പുകൾ, സ്റ്റോറിബോർഡ്, ബാനറുകൾ, ഉൽപ്പന്ന ചിത്രങ്ങൾ, പ്രൊമോ ജിംഗിളുകൾ, പൂർണ്ണ ഗാനങ്ങൾ, നിക്ഷേപകർക്കുള്ള പിച്ച് ഡെക്ക്, പ്രൊപ്പോസൽ, റിപ്പോർട്ട്, പോസ്റ്റർ, ബ്രോഷർ, ബിസിനസ് പ്രൊഫൈൽ, ലോഗോ വേരിയന്റുകൾ, ബ്രാൻഡ് ഐഡന്റിറ്റി, ഷോപ്പ്, മെനു, ഇവന്റ് രജിസ്ട്രേഷൻ, പേയ്മെന്റ് ലിങ്കുകൾ എന്നിവയ്ക്കുള്ള ക്യുആർ കോഡുകൾ തുടങ്ങിയ ജോലികൾ ഒരേ സംഭാഷണത്തിൽ ഒരേ പ്ലാറ്റ്ഫോമിൽ ഐൻഡ്രിയ കോസ്മോസ് സാധ്യമാക്കും. ഇതിനായി വെവ്വേറെ സബ്സ്ക്രിപ്ഷനുകൾ സംരംഭകർക്ക് എടുക്കേണ്ടതില്ല. പ്ലാറ്റ്ഫോമിന്റെ മറ്റൊരു സവിശേഷത മൈ ബിസിനസ് ആണ്. കമ്പനി ഇപ്പോൾ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകൾ അക്കൗണ്ടിംഗ്, ഇൻവോയ്സിംഗ്, ഇകൊമേഴ്സ്, പേയ്മെന്റ് ഗേറ്റ് വേ ഡാറ്റാബേസ്, എച്ച് ആർ സിസ്റ്റം എന്നിവ സുരക്ഷിതമായി ബന്ധിപ്പിച്ച്, അവയുടെ ഡാറ്റയെക്കുറിച്ച് സ്വന്തം ഭാഷയിൽ ചോദ്യങ്ങൾ ചോദിക്കാനാകും. ഈ മാസം എത്ര ഇൻവോയ്സ് കുടിശ്ശികയുണ്ട്, ഏത് ഉൽപ്പന്നമാണ് ഏറ്റവും ലാഭകരം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് വേരിയബിൾസ് ഉപയോഗിച്ച് കണക്കുകൂട്ടി കൃത്യമായ ഉത്തരം ലഭിക്കും. വിൽപ്പനയും സ്റ്റോക്കും, ഇൻവോയ്സും ശമ്പളവും തുടങ്ങി രണ്ടോ അതിലധികമോ സിസ്റ്റങ്ങളെ തമ്മിൽ താരതമ്യം ചെയ്തുള്ള വിശകലനവും സാധ്യമാണ്. ദിവസേനയുള്ള ബിസിനസ് ബ്രീഫുകൾ സ്വയം തയ്യാറാകുന്നതോടെ ഓഫീസിൽ ഒരു അനലിസ്റ്റിന്റെ ജോലി കൂടിയാണ് ഇവിടെ നടക്കുന്നത്.



ഐൻഡ്രിയ കോസ്മോസ് സിഇഒ ജ്യോതിസ് ജയകുമാർ, കോർ ടീം അംഗങ്ങളായ വിഷ്ണു ആർ എസ്, ശിവപ്രിയ ബി, അരുൺ ചന്ദ്രൻ വി കെ എന്നിവർ

പ്ലാറ്റ്ഫോമിൽ ഫ്ലൈറ്റുകളുടെ ടിക്കറ്റ് ലഭ്യത അന്വേഷിക്കലും ബുക്കിംഗും ഹോട്ടൽ ബുക്കിംഗും ലഭ്യമാണ്. ഇന്ത്യയിലെ ഏതു ഭാഷയും പ്ലാറ്റ്ഫോമിൽ ഉപയോഗിക്കാം. പ്രോംപ്റ്റ് എഴുതേണ്ട ആവശ്യമില്ല. മലയാളത്തിലോ തമിഴിലോ ഹിന്ദിയിലോ സംസാരിച്ചാൽ മതി.

സാങ്കേതികവിദ്യയുടെ ശക്തി എല്ലാവരിലേക്കും എത്തണമെന്ന താണ് കമ്പനിയുടെ നിലപാടെന്ന് ഐൻഡ്രിയ കോസ്മോസ് സ്ഥാപകൻ ജ്യോതിസ് പറഞ്ഞു. ഒരു സ്റ്റാർട്ടപ്പിന്റെ ആദ്യ ആപ്പിന് ലക്ഷം രൂപ ചെലവാക്കേണ്ടതില്ല. 300 രൂപ മുതൽ ഒരു ആപ്പ്, ഒരു വെബ്സൈറ്റ്, ഒരു ഡെക്ക്, ഒരു പാട്ട് എന്നിവയെല്ലാം സാധ്യമാകുമ്പോൾ സംരംഭകത്വം എല്ലാവർക്കും സാധ്യമാകുന്നതായി മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കൂടുതൽ വിവരങ്ങൾക്ക്: aindriya.co.in

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com